## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 937 — 20.03.2012 - ൽ മറുപടിക്ക്

**അന്ധരായ പാർട്ട് ടൈം ഉപകരണ സംഗീതം അദ്ധ്യാപകരുടെ സർവ്വീസ് ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.സി.വിഷ്ണുനാഥ് | | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| (എ) | നിലവിൽ പാർട്ട് ടൈം ഭാഷാ അദ്ധ്യാപകർക്ക് ലഭിച്ചു കൊണ്ടിരിക്കുന്ന സർവ്വീസ് ആനുകൂല്യങ്ങളെല്ലാം അന്ധരായ പാർട്ട് ടൈം ഉപകരണ സംഗീത അദ്ധ്യാപകർക്ക് ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത ആനുകൂല്യ ങ്ങൾ എന്തൊക്കെയാണെന്നും ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ ഈ സർക്കാർ സ്വീകരിക്കുമെന്നും വ്യക്ത മാക്കുമോ; | (ബി) | പാർട്ട് ടൈം ഭാഷാ അദ്ധ്യാപകർക്ക് അഞ്ച് വർഷ സേവനവും കുറഞ്ഞത് 8 പീരിയഡ് ജോലിയും ഉണ്ടെങ്കിൽ ഫുൾടൈം തസ്തികയുടെ ആനുകൂല്യ ങ്ങൾ ലഭ്യമാണ്. എന്നാൽ പാർട്ട് ടൈം ഉപകരണ സംഗീതം അദ്ധ്യാപകർക്ക്, ഭാഷാ അദ്ധ്യാപകർക്ക് ലഭിക്കുന്ന രീതിയിൽ ഫുൾടൈം ആനുകൂല്യം, ഗ്രേഡ് ആനുകൂല്യം എന്നിവ ലഭിക്കുന്നില്ല. ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) | വികലാംഗനായ കോട്ടയം ഒളശ്ശ അന്ധവിദ്യാലയത്തിലെ പാർട്ട് ടൈം ഉപകരണ സംഗീതം അദ്ധ്യാപകനായ ശ്രീമാൻ.റ്റി. ജി.വിജയൻ, പ്രമോഷനും മറ്റ് ആനുകൂല്യങ്ങളും ലഭിക്കണ മെന്ന് | (സി) | സർക്കാർ/എയ്ഡഡ് അന്ധ വിദ്യാലയ ത്തിലെ പാർട്ട് ടൈം ഇൻസ്ട്രുമെന്റ് മ്യൂസിക് ടീച്ചർമാർക്ക് ഫുൾടൈം ആനുകൂല്യങ്ങളും ഗ്രേഡ് ആനുകൂല്യ ങ്ങളും അനുവദിക്കാൻ നിലവിലുള്ള നിയമ പ്രകാരം നിർവ്വാഹമില്ലായെന്ന് |

(തുടർച്ച ---2)

ആവശ്യപ്പെട്ടു സമർപ്പിച്ച പരാതിയിൻമേൽ (ഫയൽ നം.39000/ആർ2/പൊ.വി.വ. തീയതി 25.2.2009) നാളിതുവരെ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

സർക്കാർ കത്ത് നം.39000/ആർ2/09/ പൊ.വി.വ. തീയതി.4.11.2010 പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടറെ അറിയിച്ച് പ്രസ്തുത ഫയൽ സർക്കാർ തീർപ്പാക്കിയിട്ടുണ്ട്. പ്രസ്തുത വിവരം പൊതു വിദ്യാഭ്യാസ ഡയറക്ടർ, ഒളശ്ശ സർക്കാർ അന്ധ വിദ്യാലയങ്ങളിലെ ഹെഡ്മാസ്റ്ററേയും വിദ്യാഭ്യാസ ഉപഡയറക്ടറേയും അറിയിച്ചിട്ടുണ്ട്.

Sd/

സെക്ഷൻ ഓഫീസർ.